

# PVS HIGHER SECONDARY SCHOOL ERANHIKKAL

# LITTLE THOUGHTS

LITTLE KITES



## DIGITAL MAGAZINE

# പി.വി.എസിനൊരു മുഖവുര

നമ്മുടെ ഭൗതികവും ആത്മീയവുമായ സമഗ്ര വികസനത്തിന്റെ അടിത്തറയാണ് വിദ്യാഭ്യാസം.PVS ഹൈസ്കൂൾ അന്നും ഇന്നും വിജയത്തിന്റെ പാതയിലാണ്.എസ്.എസ്.എൽ.സി വിജയ ശതമാനം ഏതു കാലത്തും മികച്ച രീതിയിൽ സ്കൂൾ നിലനിർത്തുന്നു.ശാസ്ത്രമേള,കലോത്സവം,സ്പോർട്സ്,പ്രവർത്തി-മേള,ക്വിസ് മത്സരങ്ങൾ എന്നിവയിൽ സബ് ജില്ലാ-ജില്ലാ ,സംസ്ഥാന മത്സരങ്ങളിൽ വിജയം നേടാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.തൈക്വണ്ടോ ചാമ്പ്യൻഷിപ്പിൽ സ്വർണ്ണമെഡൽ സ്കൂൾ വർഷങ്ങളായി കരസ്ഥ-മാക്കുന്നു.എസ്.പി.സി ,ജെ.ആർ.സി യൂണിറ്റുകൾ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ചുകൊണ്ടു വർഷ-ങ്ങളായി ഇവിടെ പ്രവർത്തിച്ചു വരുന്നു.ഹരിതക്ലബ്,പരിസ്ഥിതിക്ലബ്,വിദ്യാരംഗം,ജാഗ്രതസമിതി,ശാസ്ത്ര ക്ലബ്,ഗണിതക്ലബ് തുടങ്ങിയ വിവിധ ക്ലബ്ബുകളും ഇവിടെ സജീവമാണ്. കോഴിക്കോട് ജില്ലയിൽ എരഞ്ഞിക്കൽ പ്രദേശത്തു ഏറ്റവും പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചു വരുന്ന ഈ വിദ്യാലയം,നാട്ടു-കാരുടെയും രക്ഷിതാക്കളുടെയും അധ്യാപക-അനധ്യാപകരുടെയും ഐക്യത്തിന്റെയും സഹവർത്തിത്വ-ത്തിന്റെയും അടയാളമാണ്.സ്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ മികച്ചതാക്കാൻ മാനേജ്മന്റ് ആത്മാർ-ത്ഥമായി ശ്രമിക്കുന്നു.സ്കൂളിലെ എല്ലാ ക്ലാസ് മുറികളും ഹൈ-ടെക് ആയി മാറി  കഴിഞ്ഞു.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലക്ഷ്യംവെച്ചു ഒരു സ്റ്റിച്ചിംഗ് ലാബും പൂർവവിദ്യാർത്ഥി സഹകരണത്തോടെ സ്കൂളിൽ പ്രവർത്തിക്കുന്നു.ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന ലക്ഷ്യം സാക്ഷാത്-കരിക്കാൻ ചിട്ടയായ പ്രവർത്തനം സ്കൂളിൽ നടക്കുന്നു.വിദ്യാർത്ഥിയുടെ കർമ്മ ഭൂമികയാണ് വിദ്യാലയം. സേവനസന്നദ്ധരായ മാനവികബോധമുള്ള സമൂഹത്തെ സൃഷ്ടിക്കൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണ്. എച്ച്.എം ശാന്തിനി ടീച്ചറുടെ നേതൃത്വത്തിൽ ,പരിചയ സമ്പന്നരായ അധ്യാപകരുടെ ശിക്ഷണത്തിൽ വിദ്യാർത്ഥികൾക്ക് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ എത്തിച്ചു കൊടുക്കുന്നു.
 കമ്പ്യൂട്ടർ വാഴുന്ന കാലത്തു ,ഐ.ടി ലോകത്തേക്ക് ലിറ്റിൽ കൈറ്റ്സ്യിലൂടെ പുതിയതലമുറയെ പി.വി.എസ് വാർത്തെടുക്കുന്നു.

വിദ്യാർത്ഥികളെ മാനസികമായും ശാരീരികമായും ജീവിതത്തിലെ പരീക്ഷണ ഘട്ടങ്ങളെ നേരിടാൻ വിദ്യാർത്ഥികളെ സ്കൂൾ പ്രാപ്തരാക്കുന്നു.ലഹരിപദാർത്ഥങ്ങളും മറ്റും കൊണ്ടുണ്ടാകുന്ന ദോഷങ്ങളെ കുറിച്ചും ക്ലാസ്സുകളും മറ്റും ഏർപ്പെടുത്തി കുട്ടികളെ അതിൽ നിന്നും പിന്തിരിപ്പിക്കുന്നു.
പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടുപിടിച്ചു അവർക്ക് പ്രത്യേകം ക്ലാസുകൾ നൽകി അവരെ മുമ്പന്തിയിലേക്ക് എത്തിക്കുന്നു.സമൂഹത്തിൽ അന്നും ഇന്നും വിദ്യാർത്ഥികൾക്ക് വേണ്ടി എല്ലാ സൗകര്യങ്ങളും നൽകി,സർവ മേഖലയിലും ശോഭിച്ച പി.വി.എസ് വിപ്ലവകരമായി മുന്നേറുന്നു.

# പാവനസ്മരണയ്ക്ക്.................



# താളുകളിലൂടെ....

1)Introduction ..........................................................1
2)pvs നൊരു മുഖവുര.......................................................2
3)പാവനസ്മരണയ്ക്ക് ....................................................3
4)എഡിറ്റോറിയൽ ബോർഡ്..........................................6
5)pvs the heaven...........................................................7
6)എഡിറ്റോറിയൽ..................................................................8
7)ആശംസകൾ........................................................................9
8)champions of chevayur district........................................10
9)കേരളത്തെ ഭീതിപ്പെടുത്തി പ്രളയം...............................11
10)measure twice cut once..................................12
11)ബഹിരാകാശചരിത്രം.......................................................13
12)child cry.................................................................15
13)child labour...........................................................16
14)ഓഗസ്റ്റ് 14 അതിജീവനത്തിന്റെ കഥ.......................17
15)സാങ്കേതികവിദ്യയുംവിദ്യാഭ്യാസവും.........................19
16)സാങ്കേതികവിദ്യയുംവിദ്യാഭ്യാസവും.........................22
17)New year celebration.............................................24
18)ബഷീറിന്റെരചനകൾ..................................................25
19)വിദൂരസംവേദനംഇന്ത്യയിൽ ....................................26
20)The brilliant art of pvs students..............................29.

21)ITEMS OF COCONUT SHELL................................30
22)HANDICRAFTS.....................................................31
23)SANSKRIT EXHIBITION....................................32.
24)INAUGRATION PROGRAMMES
&YOUTHFESTIVAL..................................................33
25)TEACHERS DAY
CELEBRATION...................................................36
26)മറവി എന്ന പിറവി.............................................39
27)റോബർട്ട് കോഷ്.................................................42
28)എഡ്‌വേർഡ് ജന്നർ.............................................43
29)കൊതുക് (കവിത)..............................................44
30)kerala gods own country...................................45
31)Tradition of kerala...........................................46
32)**thankyou.....................................................49**

# എഡിറ്റോറിയൽ ബോർഡ്

ഹെഡ് മിസ്ട്രസ് :ശാന്തിനി പി

പി.ടി.എ പ്രസിഡന്റ് : ഹേമന്ത്

സ്റ്റാഫ് എഡിറ്റർ :നസീം സി (കൈറ്റ് മാസ്റ്റർ )

ജോത്സന (കൈറ്റ് മിസ്ട്രസ്)

ശൈല പി.ബി(എസ്.ഐ.ടി.സി)

സ്റ്റുഡന്റ് എഡിറ്റർ :മാളവിക കെ

മറ്റ് അംഗങ്ങൾ :ഹിദാഷ്

കൃഷ്ണപ്രസാദ്.പി

മുഹമ്മദ് നാഫി

മുഹമ്മദ് ഷെമീം

അശ്വിൻ നിഷാദ്

# PVS,THE HEAVEN

OH,DEAR FRIEND'S WE STAY TOGETHER

FOR THE WELLNESS WE PRAY TOGETHER

MAY GRACE THE BE UPON US EVER

FROM THE GOD THE ONE CHERISHER

PARENT'S TEACHERS AND ALL
AROUND US

LET THEM MAKE OUR LIFE
MOST WONDERFUL

PVS THE SCHOOL
FOR ALL THE PEOPLE

TEACHER'S ARE THE ANGEL'S

MAKES THE SCHOOL AS A PARADISE

THANK YOU PVS, FOR GIVING WONDERFUL
VIBES

# എഡിറ്റോറിയൽ



MALAVIKA.K
*STUDENT EDITOR*

എരഞ്ഞിക്കൽ ഗവ. പി.വി.എസ് ഹൈസ്കൂളിന്റെ ആദ്യത്തെ ഡിജിറ്റൽ മാഗസിന്റെ ഭാഗമാകാൻ

കഴിഞ്ഞതിൽ അതിയായ സന്തോഷവും അഭിമാനവും തോന്നുന്നു.നമ്മുടെ കഴിവുകളെ പരിപോഷിപ്പിക്കാൻ

ഇത്തരം കൂട്ടായ പ്രവർത്തനങ്ങൾ വളരെ സഹായകമാണ്.പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയ 'ലിറ്റിൽ കൈറ്റ്സ്' എന്ന കുട്ടികളുടെ ...

# ആശംസകൾ..




ശാന്തിനി.പി

( ഹെഡ് മിസ്ട്രസ്)

ലിറ്റിൽ കൈറ്റ്സിന്റെ മികവുറ്റ പ്രവർത്തനങ്ങൾക്ക് എന്റെ എല്ലാവിധ ആശംസകളും നൽകുന്നു....

# 10

*champions of chevayur sub district*






# കേരളത്തെ ഭീതിപ്പെടുത്തി മഹാപ്രളയം

ആദ്യകാലത്ത് കേരളം എന്നെ സംബന്ധിച്ച് ഹരിതകേരളമായിരുന്നു.എവിടെ നോക്കിയാലും പച്ചപ്പും മലകളും നിറഞ്ഞകേരളം .കണ്ണടച്ച് തുറക്കുമ്പോഴേക്കും ഒരുദുരന്തത്തിൽ അകപ്പെട്ടുരുന്നു.നമ്മെ എല്ലാവരും ഭീതിപ്പെടുത്തികൊണ്ട് ഒരു മഹാപ്രളയം ഇന്നങ്ങനെ കടന്നുപോയിക്കൊണ്ടിരുന്നു.വർഷങ്ങൾക്കുമുമ്പ് ഉണ്ടായ ഈ പ്രളയം കേരളത്തെ സംബന്ധിച്ച് ഏറ്റവും വലിയ ദുരന്തങ്ങളിൽ ഒന്നാണ്.എത്ര പേരാണ് വീടുകളിലും മറ്റിടങ്ങളിലായും വെള്ളം കയറി കഷ്ടപ്പെട്ടിരുന്നത്.എന്റെ ജില്ല ഒരു മനോഹാരിതയുള്ള ജില്ലയായിരുന്നു.എന്നാൽ ഈ പ്രളയം വന്നശേഷം എന്റെ ജില്ലയിലെ പകുതിഭാഗങ്ങളിലെ ആളുകൾ പ്രളയത്തിൽ മരണപ്പെടുകയും വീടുകൾ ഇല്ലാതെ ദരിദ്രരായ മനുഷ്യർ വളരെ അധികം കഷ്ടപ്പെടുകയും ചെയ്തു.പത്രങ്ങളിലും മീഡീയകളിലും കണ്ട കാഴ്ചകൾ ഞങ്ങളെ ഏവരെയും ഭീതിപ്പെടുത്തി.അങ്ങനെ ഇരിക്കുമ്പോഴായിരുന്നു രണ്ടുമൂന്ന് ദിവസത്തെ ആർത്തുപെയ്ത മഴയിൽ ഞങ്ങളുടെ വീടിന്റെ പടിവാതിലിൽ വരെ വെള്ളം ഉയർന്നത്.ഞങ്ങൾ വളരെ അധികം പേടിച്ചു.അത് ഇന്ന് നോക്കുമ്പോൾ എന്നെ സംബന്ധിച്ച് ഒരു മഹാപ്രളയമായിരുന്നു.ഇനി ഒരിക്കലും ഒരു പ്രളയം ഉണ്ടാകരുതെന്ന് ഞാൻ ദൈവത്തിനോട് പ്രാർത്ഥിക്കുന്നു

# MEASURE TWICE CUT ONCE








# ബഹിരാകാശ ചരിത്രം

1959-ൽ സോവിയറ്റ് യൂണിയന്റെ ആളില്ലാത്ത ശൂന്യാകാശ വാഹനമായ ലൂണ-3  ചന്ദ്രോപരിതലത്തിൽ ഇടിച്ചിറങ്ങിയതോടെ മനുഷ്യന്റെ ചന്ദ്രയാത്ര സ്വപ്നങ്ങൾക്ക് ജീവൻവെച്ചു.1966-റഷ്യയുടെ ലൂണ-6 ചന്ദ്രോപരിതലത്തിൽ ഇറങ്ങിയത് ഇതിന് ശക്തിപകർന്നു.1969-ൽ ചന്ദ്രനിൽ മനുഷ്യനെ ഇറക്കുന്നതിൽ അമേരിക്ക വിജയിച്ചു.”നീൽ ആംസ്ട്രോങ്" ചന്ദ്രനിൽ ഇറങ്ങിയ ആദ്യമനുഷ്യനായി .1990-ൽ ഹൈട്ടൺ  എന്ന ബഹിരാകാശ വാഹനം ചന്ദ്രന്റെ ഭ്രമണപഥത്തിൽ വിക്ഷേപിച്ചുകൊണ്ട് ജപ്പാൻ ഈ നേട്ടം കൈവരിക്കുന്ന മൂന്നാമത്തെ രാജ്യമായി മാറി.എന്നാൽ അതിന്റെ ദൗത്യം സാങ്കേതിക തകരാറുകൾ മൂലം പരാജയമായിരുന്നു. 2004-ൽ ജനുവരി 14-ന് അമേരിക്കൻ പ്രസിഡണ്ട് ജോർജ് ബുഷ്, 2020-ഓടെ അമേരിക്ക വീണ്ടും ചന്ദ്രനിൽ മനുഷ്യനെ ഇറക്കാനുള്ള ശ്രമങ്ങൾ നടത്തുമെന്ന് പ്രഖ്യാപിച്ചു.സമീപ ഭാവിയിൽ തന്നെ ചന്ദ്രനെ കുറിച്ചു കൂടുതൽ പഠനങ്ങൾ നടത്താൻ യൂറോപ്യൻ സ്പേസ് ഏജൻസിയും പദ്ധതി തയ്യാറുക്കുന്നു.ചൈനക്കും ഇതേ പദ്ധതിയുണ്ട്.ജപ്പാൻ ഒരുക്കുന്ന 2 പദ്ധതികളാണ്

ലൂണാർ A യും സെലീനും മനുഷ്യനെ വഹിച്ചുകൊണ്ടുള്ള ഒരു ചന്ദ്രയാത്രയും ജപ്പാനീസ് സ്പെയ്സ് ഏജൻസിയുടെ പരിഗണനയിലുണ്ട്. ഇന്ത്യയുടെ ചന്ദ്രഗവേഷണ പരിപാടിയായ ചന്ദ്രയാൻ -1 2008 -ലാണ് പൂർത്തിയായത് . ഡോ.കസ്തൂരിരംഗൻ ഐ .എസ്.ആർ.ഒ ചെയർമാനായിരിക്കുമ്പോഴാണ് ചന്ദ്രയാത്ര എന്ന ആശയം ഇന്ത്യൻ ശാസ്ത്രജ്ഞന്മാർ മുന്നോട്ടുവയ്ക്കുന്നത്. 2000 ഫെബ്രുവരിയിൽ അഹമ്മദാബാദിൽ വച്ചുനടന്ന ആംസ്ട്രോണമിക്കൽ സൊസൈറ്റിയുടെ വാർഷികസമ്മേളനത്തിൽ ഇതിനെക്കുറിച്ച് ആദ്യ പ്രഖ്യാപനം ഉണ്ടായി.





# CHILD CRY

Papa,papa I want to go to school .

Papa said shut up your little fool .

Now go to work with your lunch tool .

Before the sun melts the dawn cool.

My greatest dream is to learn

And to get a job by it earn.

When I see other school going boys,my heart burns,
with desire to study alas my heart can only yearn



# CHILD LABOUR

Child labour is the full work taken by the children in any field of work . It is a forceful ate either by the parents bad events or owners .Childhood is the birth right of everyone which he I she must live under the love and care of their parents. However is illegal ate up of child labours forces a child to live like an elder. It causes law of many important things in the life of a child labour like improper physical growth and development inappropriate development of the mind socially and intellectually unhealthy . Child labour keeps a child away from all the benefits of the child hood , a happiest and memorable pesiurd of the life of everyone .it interferes with the ability of a attending regulars school which naves them socially dangerous and harmful citizen of the country. This illegal activity of the child labour is increasing day by even after lots of rules and regulations against this by the government to completely phobil the at of child labour

# ഓഗസ്റ്റ് 14;

## അതിജീവനത്തിന്റെ കഥ

മഹാപ്രളയത്തിൽ നിന്നും കരകയറുകയാണ് കേരളം .ഓർത്തെടുക്കുമ്പോൾ ഭയപ്പെടുത്തുകയും ഒരു മലയാളിയായതിൽ അഭിമാനം തോന്നുകയും ചെയ്യുന്ന നിമിഷങ്ങളുണ്ട്.കുളിർത്തെന്നലിന്റെ സുഖമുള്ള മഴയോർമ്മകൾ  മനസ്സിൽ സൂക്ഷിച്ചിരുന്ന മലയാളി കണ്ടത് മഴയുടെ രൗദ്രഭാവം ,നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം. കാലവർഷം പതിവിലുമധികം ശക്തിപ്രാപിച്ചത് നാം ശ്രദ്ധിച്ചിരുന്നില്ല.എല്ലാ കൊല്ലത്തെയും പോലെ കുട്ടനാട്ടിൽ മാത്രം ഒതുങ്ങും മഴക്കെടുതിയുടെ ദുരന്തങ്ങളെന്ന് കേരളം കരുതി.വെറുതെയങ്ങുതിരിച്ചുപോകാൻ വന്നതല്ല എന്ന സൂചന നൽകി മലയോരങ്ങളിൽ വ്യാപകമായ ഉരുൾപൊട്ടലും മണ്ണിടിച്ചിലും.

-ജലനിരപ്പുയരുന്ന,ആശങ്കയും

ഇടുക്കി അണക്കെട്ടിലെ ജലനിരപ്പുയരുന്ന വാർത്തകൾ ആശങ്കയ്ക്ക് പകരം ആകാംക്ഷയോടെയാകും മലയാളികൾ കേട്ടത്.ഡാമിന്റെ ഷട്ടറുകൾ തുറക്കുന്ന ചരിത്ര നിമിഷത്തിന് സാക്ഷ്യം വഹിക്കാനായി ഇടുക്കിയിലേക്ക് ജനപ്രവാഹം.ചരിത്രത്തിലാദ്യമായി ചെറിതോണി അണക്കെട്ടിന്റെ  5 ഷട്ടറുകൾ തുറന്നു.കാലവർഷം അതിന്റെ ഭീകരതയോട് ആർത്തലച്ചു.

കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ കേരളം ഒറ്റക്കെട്ടായി മഹാപ്രളയത്തെ നേരിട്ടു.ദുരന്തബാധിതപ്രദേശങ്ങൾ സന്ദർശിക്കാൻ

മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഒരുമിച്ചെത്തിയതിനെ ദേശീയ മാധ്യമങ്ങൾ വരെ വാഴ്ത്തിപറഞ്ഞു.എയർലിഫ്റ്റിംഗിലൂടെ ഗർഭിണികളെയും കുട്ടികളെയും പൊക്കിയെടുത്ത് സുരക്ഷിത സ്ഥാനങ്ങളിലെത്തിച്ചു.പ്രതീക്ഷയുടെ പുൽനാമ്പുകൾ വീണ്ടും തളിർത്തുതുടങ്ങി

പ്രളയകാലം തിരിച്ചറിവുകളുടേത് കൂടിയായിരുന്നു.ജാതിയുടേയും പണത്തിന്റെയും മതത്തിന്റെയും അതിർവരമ്പുകൾ ഇല്ലാതായി.അമ്പലത്തിലും പള്ളികളിലും നിസ്കാരപായകൾ വിരിച്ചു.പാവപ്പെട്ടവനും പണക്കാരനും ഒരു പാത്രത്തിൽ നിന്ന് കഴിച്ചു.അന്യർക്ക് പ്രവേശനമില്ലെന്ന് എഴുതിയ ബോർഡുകൾ പ്രളയമെടുത്തു.വിശപ്പിനേക്കാൾ വലുതല്ല  ദുരഭിമാനമെന്ന് തിരിച്ചറിഞ്ഞു മലയാളികൾ അതിജീവിച്ചു.

കേന്ദ്രസഹായവും വിദേശസഹായവുമൊക്കെ തർക്കവിഷയങ്ങളാണെങ്കിലും കേരളത്തിന് അതിജീവിച്ചെ മതിയാകൂ.മുഖ്യമന്ത്രി പറഞ്ഞതുപോലെ ഓരോ മലയാളിയും നമ്മുടെ കരുത്ത് തിരിച്ചറിയണം .നിപ്പയേയും ഓഖിയേയുമൊക്കെ അതിജീവിച്ചതുപോലെ മഹാപ്രളയത്തെയും കേരളം ചങ്കുറ്റത്തോടെ നേരിടുകയാണ്.നവകേരളം കെട്ടിപ്പടുപ്പിക്കാനായി................!

## ഇനി വേണ്ടത് നവകേരളം

# സാങ്കേതിക വിദ്യയും വിദ്യാഭ്യാസവും

നമ്മുടെ സ്കൂളും ക്ലാസ്സ് മുറികളും എല്ലാം ഇപ്പോൾ ഹൈടെക് ആയിരിക്കുന്നു. വിദ്യാഭ്യാസം കൂടുതൽ സജീവമാക്കാൻ വേണ്ടിയാണ് ക്ലാസ്സ് മുറികൾ ഹൈടെക് ആക്കിയിരിക്കുന്നത്.എന്റെ വിദ്യാലയത്തിലെ എല്ലാ ക്ലാസ്സ് മുറികളും ഇതുപോലെ വളരെ സാങ്കേതികവിദ്യകൊണ്ട് സജീവമാക്കിയിരിക്കുന്നു.നമുക്ക് ഈ സാങ്കേതിക വിദ്യകൊണ്ട് കുറെ ഉപകാരമുണ്ട്.നമ്മുടെ ബന്ധുക്കളിൽ ചിലർ ഗൾഫിൽ പോയി ജോലി ചെയ്യുന്നുണ്ട്.അവരെ നമുക്ക് വിളിക്കാൻ സാധിക്കുമായിരുന്നില്ല.ഇപ്പോൾ നമുക്ക് അവരെ കണ്ടുകൊണ്ട് സംസാരിക്കാം .ഈ സാങ്കേതികവിദ്യ കാരണമാണ് നമുക്ക് ഇങ്ങനെ സാധിക്കുന്നത്.വിദ്യാഭ്യാസത്തിന്റെ ഭാഗമായി നമുക്ക് എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ നമുക്ക് ഇന്റർനെറ്റ് വഴി തീർക്കാം.വിദ്യാഭ്യാസം നമുക്ക് വീഡിയയിലൂടെ നമുക്ക് ഒരു പാഠം തന്നെ തീർക്കാം .വിദ്യയുടെ ഭാഗത്ത് ഈ സാങ്കേതികവിദ്യക്ക് നല്ല സ്കോപ്പുണ്ട്.

നമുക്ക് ഏത് പാഠം പഠിക്കാനും ഈ സാങ്കേതികവിദ്യയുടെ സഹായത്തോടെ സാധിക്കും.വിദ്യകൾ നമുക്ക് ഭാവിയിൽ വളരെ ഉപകാരപ്രതമാണ്.എന്ത് സംശയത്തിനും നമുക്ക് ഇന്റർനെറ്റ് വഴി സഹായം തേടാം.വിദ്യ കാരണം നമുക്ക് ഉപകാരം മാത്രമേ ഉള്ളൂ മറിച്ച് ഒരു ഉപദ്രവം ഇല്ല. സ്കൂളുകൾ ഇപ്പോൾ വളരെ സജീവമാക്കിയതോടെ വിദ്യാർത്ഥികൾക്ക് പഠിക്കാൻ ആവേശമായി.ക്ലാസുകളിൽ ലാപ്ടോപ്പും ,പ്രൊജക്ടറും ആയതോടെ പഠിക്കാൻ എളുപ്പമായി.പഠിക്കാൻ വേണ്ടി നമുക്ക് സാങ്കേതികവിദ്യ ഉപയോഗിക്കാം അല്ലാതെ വേറെ ആവശ്യത്തിന് നമുക്ക് ഇന്റർനെറ്റ് ആവശ്യമില്ല.വിദ്യയിലൂടെയാണ് നമ്മൾ പഠിക്കുന്നത്.വിദ്യയാണ് നമ്മെ ഉയർച്ചയിൽ എത്തിക്കുന്നത്.വിദ്യയുടെ കൂടെ സാങ്കേതികവിദ്യം ചേർന്നാൽ വിദ്യയിൽ നമുക്ക് ഒന്നാമനാവാം.വിദ്യയുടെ വളർച്ചയിൽ നമുക്ക് ഒരുപാട് ഉപകാരം ഉണ്ടാകുന്നു.സർക്കാർ വക ഹൈടെക് ക്ലാസുകൾ എല്ലാം നമ്മുടെ സർക്കാർ നമുക്ക് വേണ്ടിനൽകുന്നു.സർക്കാറിന്റെ പദ്ധതിയിലൂടെ നമ്മുടെ നാടും നാട്ടുകാരും വളരെ സജീവമാണ്.കാരണം ഈ ഹൈടെക് കൊണ്ട്

സ്കൂളുകളിൽ വരാൻ താൽപര്യമാണ്.നമ്മുടെ സ്കൂളിൽ എല്ലാത്തിനും എല്ലാവരുമുണ്ട്.ലാബിന് ലാബ് എല്ലാം ഉണ്ട്.സർക്കാർ നമുക്ക് വളരെ നല്ല അവസരങ്ങളാണ് സജീവമാക്കുന്നത്.ടെക്നിക് കാരണം നമുക്ക് എല്ലാ കാര്യങ്ങളും അറിയാൻ സാധിക്കും.സാങ്കേതിക വിദ്യയുടെ വളർച്ചയിൽ നമുക്ക് പഠിക്കാൻ ഏറെയാണ്.

വിദ്യാർത്ഥികളുടെ ആവശ്യമാണ് സർക്കാറിന്റെ ആവശ്യം .നമ്മുടെ ആവശ്യം സർക്കാർ നിറവേറ്റുന്നു.

വിദ്യക്ക് നമുക്ക് എന്തുചെയ്യാം .വിദ്യയാണ് നമ്മുടെ വിദ്യാഭ്യാസം വിദ്യാഭ്യാസപരമായി നമുക്ക് സാങ്കേതികവിദ്യ പുലർത്താവുന്നതാണ്.വിദ്യയിലൂടെയാണ് നമ്മുടെ വളർച്ച നമ്മുടെ വളർച്ചയാണ് സർക്കാറിന്റെ നേട്ടം.സാങ്കേതികവിദ്യയാണ് മനുഷ്യന്റെ നേട്ടം.വിദ്യയാണ് നമ്മുടെ ലക്ഷ്യം. വിദ്യാഭ്യാസത്തിലൂടെ വിദ്യ തിരഞ്ഞെടുക്കുക.

ശുഭം.........................!

# സാങ്കേതികവിദ്യയും വിദ്യാഭ്യാസവും

ഇന്നത്തെ ലോകത്ത് അതിവേഗത്തിൽ തന്നെ വിദ്യാഭ്യാസത്തിനു സാങ്കേതികവിദ്യ ഉന്നതത്തിലേക്കു എത്തിക്കുന്നു.എന്നാൽ ഈ ലോകത്തിനു പലവിധ ഉന്നതം ഇന്നത്തെ സാങ്കേതിക വിദ്യകൾ തന്നിട്ടുണ്ട് .ഇന്നത്തെ കാലത്ത് പലവിധത്തിലുള്ള സാങ്കേതിക വിദ്യകൾ എത്തിയിട്ടുണ്ട് .എന്നാൽ ഇതു പലതും സഹായികമായിട്ടാണുള്ളത്.സമൂഹത്തിന്റെ വളർച്ചയ്ക്ക് സാങ്കേതിക വിദ്യകൾ പലതും വന്നിട്ടുണ്ട്.ഇന്ന് ഇവിടെ നമ്മുടെ വളർച്ചയ്ക്ക് സഹായകമായ് ഒരു സാങ്കേതിക വിദ്യയാണ് ഗൂഗിൾ ക്രോമ് ഇത് ഏവർക്കും പരിചിതവുമാണ്.ഏത് പ്രായക്കാർക്കും എന്താണോ വേണ്ടത് അത് അതിവേഗത്തിൽ നല്കി തരുന്നതാണ്.എന്നാൽ ഈ ഒരു ആപ്പ് സമൂഹത്തിൽ വളർച്ചയ്ക്കും പിന്നെ ഇന്നത്തെ വിദ്യാഭ്യാസത്തിന് വളരെയേറെ ഉപകാരമാണ്.

പണ്ടു കാലങ്ങൾ വെച്ചുനോക്കുമ്പോൾ ഇന്നത്തെ ലോകം വളരെയേറെ സാങ്കേതിക മുഴങ്ങിയതാണ്.എന്നാൽ അന്ന് ഇതൊന്നും തന്നെ ഇല്ലായിരുന്നു. ഈ ലോകത്ത് എന്തൊക്കെ പുതുവാർത്തകൾ വരുന്നത് എന്നെ അറിയുന്നത് പത്രത്തിൽ നിന്നാണ്.അതല്ലാതെ ഫോൺ ,കമ്പ്യൂട്ടർ അങ്ങനെ സാമൂഹിക സംവിധാനങ്ങൾ ഒന്നു തന്നെ ഇല്ലായിരുന്നു.അന്നത്തെ കാലത്ത് വിദ്യാഭ്യാസത്തിന് അത്ര വലിയ മുൻഗണന ഒന്നും തന്നെ ഉണ്ടായിരുന്നില്ല.എത്ര വലിയ സ്ഥാനം നമ്മൾ വിദ്യാഭ്യാസത്തിന് നൽകുന്നത്.അന്നത്തെ കാലത്ത് ആരും തന്നെ നൽകിയിട്ടില്ല.ഇവിടെ പലതരത്തിലുള്ള സംവിധാനത്തെ കുറിച്ച്

ഇന്നത്തെ ലോകത്ത് പലർക്കും തന്നെ അറിയില്ല.ഐ.ടി വലിയൊരു വിജയമാണ് നൽകിയിരിക്കുന്നത് ഇന്നത്തെ ലോകത്തിന് .അന്ന്

വിദ്യാഭ്യാസസ്ഥാപനങ്ങൾ വളരെയേറെ കുറവാണ്.എന്നാൽ ഇന്നത്തെ ലോകത്ത് പല പല സ്ഥാപനങ്ങളാണ് ഉള്ളത്.അന്നത്തെയു ഇന്നത്തെയും ക്ലാസ്സ് മുറികൾ വരെ എത്ര എത്ര വ്യത്യാസമുണ്ട്.അന്നത്തെ കാലത്ത് ബഞ്ച്,ഡസ്ക്,ഇവ .ഇല്ലായിരുന്നു.എന്നാൽ ഇന്ന് എല്ലാം സ്മാർട്ട് ക്ലാസ്സ് റൂം ആണ്

# New year celebration








# ബഷീറിന്റെ രചനകൾ

നോവലുകൾ:-പ്രേമലേഖനം,ശബ്ദങ്ങൾ,മരണത്തിന്റെ നിഴൽ,ന്റുപ്പുപ്പാക്കൊരാനണ്ടാർന്ന്,ആനവാരിയും പൊൻകുരിശും,സ്ഥലത്തെ പ്രധാനദിവ്യൻ,പാത്തുമ്മയുടെആട്,ജീവിതനിഴൽ പാടുകൾ,മതിലുകൾ,മാന്ത്രികപ്പൂച്ച,മുച്ചീട്ടികളിക്കാരന്റെ മകൾ,അനുരാഗത്തിന്റെ ദിനങ്ങൾ

കഥകൾ :-

ഭൂമിയുടെഅവകാശികൾ,,വിശപ്പ്,,ഓർമക്കുറിപ്പ്,,ജന്മദിനം,,സ്വാതന്ത്ര്യസമര കഥകൾ,,വിശ്വവിഖ്യാതമായമൂക്ക്,,ആനപ്പൂടവ,ശിങ്കിടിമുങ്കൻ,വിഡ്ഢികളുടെസ്വർഗ്ഗം,നീലവെളിച്ചവും മറ്റ് പ്രധാന കഥകളും.

ലേഖനങ്ങൾ :-അനർഘനിമിഷം,ധർമ്മ രാജ്യം,ജീവിതം ഒരാഗ്രഹം,നേരും നുണയും



ബാലസാഹിത്യം:-സർപ്പയജ്ഞം

നാടകം:-കഥാബീജം

തിരകഥ:-ഭാർഗവനിലയം

vismaya.k -9th D

# വിദൂരസംവേദനം ഇന്ത്യയിൽ

1979-ൽ ഭാസ്കര 1 ഉപഗ്രഹം വിക്ഷേപിച്ച് കൊണ്ട് ഉപഗ്രഹ വിദൂര സംവേദനത്തിൽ ഇന്ത്യ തുടക്കം കുറിച്ചത്.1988-ൽ ഇന്ത്യൻ റിമോട്ട് സെൻസിങ് സാറ്റലൈറ്റ് വിക്ഷേപിച്ച് കൊണ്ട് ഇന്ത്യ ഈ രംഗത്ത് വൻകുതിച്ചാട്ടം നടത്തി.ഒരു ടൺ ഭാരമുള്ള സംവേദന ഉപഗ്രഹങ്ങളെ ഭ്രമണപഥത്തിൽ നിക്ഷേപിക്കാൻ പര്യാപ്ത്മായ തരത്തിൽ ഇന്ന് സാങ്കേതിക വിദ്യ സ്വയം പര്യാപ്ത്ത കൈവരിച്ച് കഴിഞ്ഞു.ഇന്ന് ഭൂമിയെ നിരീക്ഷിക്കാൻ സിവിലിയൻ ആവശ്യങ്ങൾക്കായി മാത്രം 2 ഡസനോളം ഉപഗ്രഹങ്ങളുടെ ഒരു ശൃംഖല തന്നെ സ്വന്തമായുള്ള രാജ്യമായി ഇന്ത്യ മാറിയിരിക്കുകയാണ്.

ശേഖരിക്കപ്പെടുന്ന വിവരങ്ങൾ നാഷണൽ മാനേജ്മെന്റ് സിസ്റ്റം വഴി വിവിധ മേഖലകളിൽ കേന്ദ്രസംസ്ഥാന സർക്കാറുകളും സ്വകാര്യസ്ഥാപനങ്ങളും ഉപയോഗപ്പെടുത്തുന്നു.

*School life is the greatest memory forever*


SCHOOL LIFE
is the
best
life.....

# *The brilliant arts of pvs students*











# Sanskritexhibition





# Inauguration programmes

&


# Youth festival


പി.വി.എസ്.ഹയർ സെക്കന്ററി സ്കൂൾ, എരഞ്ഞിക്കൽ
സ്റ്റിച്ചിംങ്ങ് ലാബ്
ടൈലറിംങ്ങ് പരിശീലനം
ഉദ്ഘാടനം
31-10-2018 ബുധൻ 10 AM


പി.വി.എസ്.ഹയർ സെക്കന്ററി സ്കൂൾ, എരഞ്ഞിക്കൽ
സ്റ്റിച്ചിംങ്ങ് ലാബ്
ടൈലറിംങ്ങ് പരിശീലനം
ഉദ്ഘാടനം
31-10-2018 ബുധൻ 10 AM






Happy
World
Teachers
Day
By
Sreelakshmi-M
ARTS CLUB



All time teachers do some thing for children fora change in teachers day we children do some thing for teachers for saying a warm thankyou . Because we love our Teachers




*For safer Future we the children in PVS avoid plastic and make our school plastic free*

# മറവി എന്ന പിറവി

പ്രകൃതിയുടെ ജൈവസമൃദ്ധിയുറങ്ങുന്ന അക്ഷരഖനിയാണ് ദൈവത്തിന്റെ സ്വന്തം നാടായ കേരളം .എന്നാൽ ഇങ്ങനെ സുഭദ്രമായ സാംസ്കാരിക സ്രോതസ്സായ കേരളം പിറന്നു എന്നത് മലയാളി മറന്നു എന്നല്ലേ .സത്യം ,മലയാളപൈതൃകത്തിന് ബാലമരണം സംഭവിക്കിന്നകലികാലമാണിത്.നാം എഴുത്തച്ഛന്റെ പൈതൃകം മറന്നു.കുഞ്ചന്റെ പുഞ്ചിരി മറന്നു.ചെറുശ്ശേരിയുടെ മഞ്ജരി മറന്നു. ആശാന്റെ അക്ഷരങ്ങൾ അനാഥമാക്കപ്പെടുന്നു.ഉള്ളൂർ ഉരുകതീരുന്നു.ചന്തുമേനോനും സി.വി രാമൻപ്പിള്ളയും ബഷീറും ദേവും ,തകഴിയുമെല്ലാം മലയാളിയുടെ വായന മൂലയുടെ ചിതൽപ്പുറ്റുകളായി

കഴിഞ്ഞിരിക്കുന്നു.

മുൻ രാഷ്ട്രപതി കെ.ആർ നാരായണനും അഞ്ജു ബോബി ജോർജ്ജും പി.ടി ഉഷയും മമ്മൂട്ടിയും മോഹൻലാലുമെല്ലാം മലയാളത്തിലെ വിവിധ മേഖലയിലെ വിജയ ചിഹ്നങ്ങളാണ്.കേരളനാടിന്റെ പിറവി നമുക്ക് സുഖകരമായ മറവിയായി തീരുന്നു.അയൽസംസ്ഥാനരാഷ്ട്രീയ നേതാക്കൾ പാർട്ടി മറന്ന് നാട്ടിൽ നേട്ടങ്ങൾ വെട്ടിപ്പിടിക്കുമ്പോൾ നമ്മുടെ രാഷ്ട്രീയനേതാക്കൾ നാടുമറന്ന് പാർട്ടി വളർത്താൻ വെട്ടും കുത്തും നടത്തുന്നു.ഗുണ്ടാവിദ്യാർത്ഥികൾ കാടത്തം പഠിപ്പിക്കുവാനുള്ള വിദ്യാലയങ്ങളായി കഴിഞ്ഞിരിക്കുന്നുക്ലാസ്സ് മുറികൾ .ഭരണം പാർട്ടിക്ക് പണമുണ്ടാക്കാനുള്ള മാർഗമായി.


ഉന്നതവിദ്യാഭ്യാസം കൊതിച്ച് ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിദ്യാർത്ഥികൾ കേരളം വിട്ടോടുന്നു.കാട്ടാന

മേഞ്ഞ നാടുപോലെയായി കേരളം.

പ്രളയം കവർന്നെടുത്ത കേരളത്തിൽ ഉടുത്തുണിക്ക് മറുത്തുണിയില്ലാതെ ഉറ്റവരും ഉടയവരും നഷ്ടപ്പെട്ട് ഒരേ പായിൽ ഉണ്ടും ഉറങ്ങിയും കഴിഞ്ഞിരുന്ന ആ നാടുകൾ ഹിന്ദുവെന്നോ മുസൽമാനെന്നോ ക്രിസ്ത്യാനിയെന്നോ ഇല്ലാതെ ജാതിമ ഭേദമന്യേ മനുഷ്യരെല്ലാരും ഒന്നുപോലെ എന്നു പറഞ്ഞതുപോലെ അവരേവരും ഒന്നിച്ച് ഓണം ആഘോഷിച്ചു.

# റോബർട്ട് കോഷ്

1843 ഡിസംബർ 11 ന് ജർമ്മനിയിലാണ് ജനനം. ജർമൻ ഭിഷ്വഗരനായ ഇദ്ദേഹം മൂന്ന് ബാക്ടീരിയകളെ കണ്ടെത്തിയതിലൂടെയാണ് പ്രശ്സ്തനായത് .ആന്ത്രാക്സ് ബാസിലസ് ,ട്യൂബർക്കുലോസിസ് ബാസിലസ്,കോളറ ബാസിലസ് എന്നിവയെ കണ്ടെത്തി തിരിച്ചറിഞ്ഞത് കോഷ് ആണ് .1883 ൽ ആഷ്യാറ്റിക് കോളറയെ കീഴ്പ്പെടുത്താൻ കോഷ് ഈജിപ്തിലേക്ക് പോയി. 1897 ൽ ബ്യൂബോണിക് പ്ലേഗിനെക്കുറിച്ചും മലേറിയെക്കുറിച്ചും ഗവേഷണം നടത്താൻ അദ്ദേഹം ബോംബെയിൽ വന്നു.എവിടെയൊക്കെ നിയന്ത്രണാതീതമായ രീതിയിൽ മാരകരോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നുവോ അവിടെയൊക്കെ ആ ജർമ്മൻ ഡോക്ടർ ക്ഷണിക്കപ്പെട്ടു.അദ്ദേഹവും അദ്ദേഹത്തിന്റെ സൂക്ഷ്മദർശിനിയും ഒരിടത്തും തോറ്റില്ല.1910 ൽ അദ്ദേഹം അന്തരിച്ചു.



# എഡ്വേർഡ് ജന്നർ

1749 മെയ് 17 ന് ഇംഗ്ലണ്ടിലായിരുന്നു ജനനം.പ്രതിരോധകുത്തിവെയ്പ്പിന്റെപിതാവായാണ് ജന്നർ അറിയപ്പെടുന്നത്.വസൂരിക്ക് എതിരെയുള്ള വാക്സിൻ കണ്ടുപിടിച്ചത് ഇദ്ദേഹമാണ്.1803 ൽ അഖില ലോക വാക്സിനേഷൻ പരിപാടി പാവനമായ ലക്ഷ്യമാക്കികൊണ്ട് ലണ്ടനിൽ റോയൽ ജന്നേറിയൻ സൊസൈറ്റി രൂപവൽകൃതമായി.



# കൊതുക്

ഡങ്കി മലമ്പനി  ഗുനിയകളിവിടെ
കൊതുക് പരത്തും രോഗങ്ങൾ
നമ്മൾ വളർത്തും കൊതുകുകൾ തന്നെ
നമ്മുക്ക് നമ്മുടെ കാലന്മാർ
കൊതുകുന്നില്ല ജാതി മതങ്ങൾ
പ്രായഭേദവുമതിനില്ല
ഞാനും നീയും നമ്മളുമെല്ലാം
കൊതുകിനുമുന്നിൽ സമമാണേ.
കൊതുകുകളില്ല നമ്മുടെ ഗ്രാമം
സുഖനിദ്രയുടെ പറുദീസ
മലിനജലത്തെ ഒഴിവാക്കു
കൊതുക് പ്രജനനമൊഴിവാക്കു



അരുതരുതേ എറിയരുതേ ..
എറിയരുതാത്തത് എറിയരുതേ..
കോഴിപാർട്സും ,പ്ലാസ്റ്റിക് കവറും
പൊതുവായ വഴിയിൽ എറിയരുതേ..
നേരമൊട്ടും വൈകിയില്ല
കൂട്ടുകാരെ പോരൂ
വീടും നാടും വൃത്തിയാക്കാൻ
നമ്മൾക്കൊന്നായ് കൂടാം
നമുക്കൊരു യുദ്ധം വേണമിവിടെ
കൊതുകിനെതിരായി പൊതുയുദ്ധം
ആ യുദ്ധത്തിൽ പടയാളികളായ്
അണിചേരുക നാം കൂട്ടുകാരെ.......

## ***GODS OWN COUNTRY OUR KERALA***

ACCORDING TO HINDU MYTHOLOGY KERALA WAS CREATED BY LORD PARASURAMA AN INCARNATION OF LORD VISHNU BY THROWING HIS AXE ACROSS THE SEA TO CREATE NEW LAND FOR DEVOTEES TO LIVE PIECEFULLY SO KERALA IS GODS OWN CREATION HENCE IT ISCALLAD **GODS OWN COUNTRY....**..



# TRADITION OF KERALA

KERALA HAS ARICH CULTURAL HERITAGE,ITS DIVERSE CULTURE IS INFLUENCED BY THREE MAIN RELEGIONS OF HINDUISM,CHRISTIANITY,AND ISLAM... KADHAKALI IS A 300 YEAR OLD DANCE FORM DEVOLOPED EXCLUSIVELY IN KERALA KERALA IS ONE OF THE MOST POPULAR TOURIST DESTINATION IN THE WORLD





# The End

ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ കുറച്ചു ദിവസങ്ങൾ കൊണ്ടാണ് ഈ മാഗസിൻ തയ്യാറാക്കിയത്.വളരെയേറെ പിന്തുണ സ്കൂളിലെ അധ്യാപകരുടെയും അടുത്തുനിന്നുണ്ടായിരുന്നു. കുറഞ്ഞ ദിവസം കൊണ്ട് ചെയ്ത മാഗസിൻ ആയതിനാൽ ധാരാളം അപാകതകൾ ഉണ്ടായേക്കാം ,എല്ലാത്തിനും ക്ഷമ ചോദിക്കുന്നു.സഹകരിച്ചവർക്കും സഹായിച്ചവർക്കും അഗാധമായ നന്ദി രേഖപ്പെടുത്തുന്നു .

ചീഫ് എഡിറ്റർ

മാളവിക.കെ

Warm

thank you

all